ങ്ങളുണ്ടെങ്കിൽ എഴുതിത്തന്നശേഷം ഉന്നയിക്കട്ടെ, അതിനുള്ള മറുപടി ഞാൻ പറയാം. എവിടെയെങ്കിലും പറയുന്നത് കേട്ടുകൊണ്ട് കാര്യങ്ങൾ ഉന്നയിക്കുന്നത് ഒരംഗത്തിന് യോജിച്ചതല്ല. ഇവിടെ നിങ്ങളുടെ കാലഘട്ടത്തിലുള്ള പഴയ കുറേ റിപ്പോർട്ടുകളുണ്ട്, അതൊക്കെ ഞാൻ വായിച്ചാൽ നിങ്ങൾ ഇവിടെനിന്നിറങ്ങിയോടും. അതുകൊണ്ട് ആ രീതിയിലുള്ള ചോദ്യമൊന്നും ഇവിടെ വേണ്ട. .....(ബഹളം)..... ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ കർശനമായ നടപടികൾ സ്വീകരിക്കും. ഇത്തരത്തിലുള്ള വിഷയങ്ങളെ ഗവൺമെന്റ് വളരെ ഗൗരവമായി കാണുകയും നീതിയുക്തമായ സമീപനം ജനങ്ങൾക്ക് കിട്ടുന്നതിനും അർഹമായ സാധനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുകയും ചെയ്യും.

പൊതുമരാമത്ത് വകുപ്പിൽ നടപ്പാക്കിയ പുതിയ പദ്ധതികൾ

3 (*93) ശ്രീ. റ്റി. യു. കുരുവിള:

ശ്രീ. സി. എഫ്. തോമസ്:

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ബി) വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ,

(എ) ഈ സർക്കാർ അധികാരമേറ്റപ്പോൾ സംസ്ഥാനത്തൊട്ടാകെ തകർന്ന റോഡുകളായിരുന്നു. ഇതിന് പരിഹാരമായത്, പൊതുമരാമത്ത് വകുപ്പിന്റെ കൃത്യമായ ആസൂത്രണവും പദ്ധതി നടപ്പാക്കലുമാണ്. 3,000 കോടി രൂപ ചെലവിൽ 7600 കിലോമീറ്റർ റോഡുകളുടെ ഉപരിതലം പുതുക്കി. ഇതിൽ മുനിസിപ്പൽ കോർപ്പറേഷൻ റോഡുകളും പഞ്ചായത്ത് റോഡുകളും ഉൾപ്പെടുന്നു. 158 പാലങ്ങളുടെ പണി

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയാക്കി. ഇപ്പോൾ 4000 കിലോമീറ്റർ റോഡിന്റെ ഉപരിതലം പുതുക്കൽ നടന്നുവരുന്നു. 1500 കെട്ടിടങ്ങളുടെ നിർമ്മാണം വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. മൊത്തം 10,700 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് വകുപ്പിന് കീഴിൽ ഇപ്പോൾ നടന്നുവരുന്നത്.

പൊതുമരാമത്ത് വകുപ്പ് ഈ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പുതിയ പദ്ധതികളുടെ വിശദവിവരം അനുബന്ധം I ആയി വച്ചിട്ടുണ്ട്.*

(ബി) ഉണ്ടാകും. പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കി വരുന്നു.

<u>ശ്രീ. റ്റി. യു. കുരുവിള</u> : സർ, പൊതുമരാമത്ത് വകുപ്പ് ധാരാളം നല്ല പ്രോജക്ടുകൾ നടപ്പാക്കുന്നുണ്ട്. എന്നാൽ ഈപ്രാവശ്യത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ട് (ഡി.എഫ്.ഐ.പി.) എങ്ങനെ വിഭാവനം ചെയ്യാനാണ് ഉദ്ദേശിക്കുന്നത് ; അതുപോലെതന്നെ കോൺട്രാക്ടർമാരുടെ ബിൽ കുടിശ്ശിക പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കിയ ബിൽ ഡിസ്കൗണ്ട് സിസ്റ്റം ഫലകരമായിട്ടുണ്ടോ ?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : സർ, കോൺട്രാക്ടർമാരുടെ ബിൽ കുടിശ്ശിക റോഡ്സിൽ 5 മാസവും ബിൽഡിംഗ്സിൽ 2 മാസവുമായി കുറഞ്ഞിരിക്കുകയാണ്. 1,750 കോടി രൂപയാണ് പൊതുമരാമത്ത് വകുപ്പിലെ കോൺട്രാക്ടർമാർക്ക് ഇനി കുടിശ്ശികയായി കൊടുക്കാനുള്ളത്. എമിലിയിൽ (EMLI) കയറിട്ടുള്ളത് 2015 ഫെബ്രുവരി വരെയുള്ള ബില്ലുകളാണ്. അങ്ങ് ചോദിച്ച DFIP (District Flagship Infrastructure Projects) ഇത്തവണത്തെ ബഡ്ജറ്റിൽ വന്നതാണ്. ആ പദ്ധതി വളരെ സ്പീഡായി നടപ്പിലാക്കാനുള്ള ശ്രമം പൊതുമരാമത്ത് വകുപ്പ് ആരംഭിച്ചിട്ടുണ്ട്. പെട്രോളിനും ഡീസലിനും ഒരു ലിറ്ററിന് ഒരു രൂപ നിരക്കിൽ അഡീഷണൽ സെയിൽസ് ടാക്സ് ചുമത്തുമ്പോൾ അതിന്റെ 50 ശതമാനം പൊതുമരാമത്ത് വകുപ്പിന് നൽകാമെന്ന് തീരുമാനമായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 14 ജില്ലകളിലും നടപ്പിലാക്കാനുള്ള District Infrastructure Flagship Project-കൾ തയ്യാറായി ക്കൊണ്ടിരിക്കുകയാണ്. അതു സംബന്ധിച്ച ഒരുത്തരവ് ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly